പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 47

28.02.2017 - ൽ മറുപടിയ്ക്ക്

കയർ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ കയർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകൾക്കാണ് പ്രസ്തുത നയത്തിൽ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്എന്ന് വ്യക്തമാക്കുമോ; | എ) ഇല്ല. യന്ത്രവൽക്കരണത്തിലൂടെ കയർ വ്യവസായമേഖല ആധുനികവത്ക്കരിക്കുന്നതിനാണ് കയർ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ വരുമാന വർദ്ധനവ് ഉറപ്പാക്കി തൊഴിൽ സംരക്ഷിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഈ സാഹചര്യത്തിലും പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പാക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി പ്രാഥമിക കയർ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് മിനിമം കൂലി ഉറപ്പുവരുത്തി സംഭരിക്കുന്നതിനും ടി കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരത പദ്ധതി വഴി സംഭരിച്ച് ഡിസ്കൗണ്ട് നൽകി വിറ്റഴിക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| ബി) സംസ്ഥാനത്ത് കയർ സർവ്വേ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് സർവ്വേ നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് ; | ബി) ഉണ്ട്. കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടത്തിയിട്ടുള്ളത്. |
| സി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്; | സി)<br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തന മൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു. |

സബ്സിഡി നൽകി വരുന്നു.

6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.

7. ഉത്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുളള ഫണ്ട് നൽകി വരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

14. ഉൽസവ കാലത്തിൽ കയറുൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകിയിരുന്നു.

ഡി) തൊണ്ട് ശേഖരണത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഡി) കയർമേഖലയിലെ സഹകരണ സംഘങ്ങൾക്ക അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക. പാഴാക്കിക്കളയുന്ന തൊണ്ട്, തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം തൊണ്ടുസംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

തൊണ്ട് സംഭരണം

| ക്രമ നം. | തൊണ്ട് സംഭരണം | തുക |
|---|---|---|
| I | തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് : | |
| | പച്ചത്തൊണ്ടിന് | 25 പൈസ |
| | ഉണക്കത്തൊണ്ടിന് | 15 പൈസ |
| | 60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന തൊണ്ടാണെങ്കിൽ പച്ചത്തൊണ്ട് | 20 പൈസ |

നിരക്കിലും, ഉണക്കത്തൊണ്ട് 10 പൈസ നിരക്കിലും ഇൻസെന്റീവ് ലഭ്യമാക്കുന്നു.

| | | |
|---|---|---|
| 2. | കയർമേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ / ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക, കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും 50/- രൂപ | 250/- രൂപ |
| 3. | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ചുനൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് | 160/- രൂപ |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20/- രൂപ വീതം |
| | ഉണക്കത്തൊണ്ട ാണെങ്കിൽ 600 എണ്ണം | 150/- രൂപ വീതം |
| | കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25/- രൂപ വീതം |
| ചകിരി ഉൽപ്പാദനം | | |
| 1. | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 3/- രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 2/- രൂപ സബ്സിഡി |
| മെയിൻറനൻസ് ഗ്രാന്റ് | | |
| 2 | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50000/- രൂപ |
| 3 | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10000/- രൂപ |

സെക്ഷൻ ഓഫീസർ